LIBRARY ARCHIVES Kerala Legislative Assembly

കക്ക വാരുന്നതിനെതിരെ പരാതി

99 (108) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ റാണി, ചിത്തിര കായലുകളിൽ നിന്നും അനധികൃതമായി കക്ക വാരുന്നതിനെതിരെ പോലീസിലും ജിയോളജി വകുപ്പിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ യാതൊരുവിധ നടപടികളും സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ചിത്തിര കായലിൽ നിന്നും അനധികൃതമായി കക്കവാരിക്കൊണ്ടിരുന്ന ഏതാനും പേരെ പുളിങ്കുന്നു പോലീസ് പിടികൂടിയെങ്കിലും കേസെടുക്കാതെ അവരുടെ സ്വന്തം ജാമ്യത്തിൽ വിട്ടുകൊടുത്തുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. അനധികൃതമായി കക്ക ഖനനം ചെയ്തു കടത്തുന്നത് നിരോധിക്കുന്നതിനായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ആലപ്പുഴ ഉപആഫീസിലെ ഉദ്യോഗസ്ഥന്മാരും ദക്ഷിണ മേഖലാ മിനറൽ സ്കാഡും നിരന്തരം പരിശോധന നടത്തുന്നു. അനധികൃത ഖനനം, കടത്ത് എന്നിവ കണ്ടെത്തിയ അവസരങ്ങളിൽ അവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പുളിങ്കുന്നു പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പ്രിവന്റീവ് അറസ്റ്റ് നടത്തുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) കേസ് രജിസ്റ്റർ ചെയ്ത് നിയമാനുസരണം ജാമ്യത്തിൽ വിട്ടിട്ടുണ്ട്. കക്കവാരുന്നതിനു കായലിൽ വന്നിരുന്ന 30 പേരെ പ്രിവന്റീവ് അറസ്റ്റ് നടത്തി നടപടിയെടുത്ത് പ്രതികളെ ജാമ്യത്തിൽ വിട്ടിട്ടുള്ളതുമാകുന്നു.

റീട്ടെയിൽ റേഷൻ വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ

100 (111) ശ്രീ. പി.വിശ്വൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ റേഷനരിയുടെ വില വർദ്ധിപ്പിച്ചതിനുശേഷം സംസ്ഥാനത്ത് റേഷനരിയുടെ വില്പനയിൽ കുറവു വന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം വില്പന കുറഞ്ഞുവെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതുമൂലം റേഷൻ റീട്ടെയിൽ വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;